# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നം. 922 | 11 .07.2016-ൽ<br>മറുപടിയ്ക്ക് |

**'ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതി'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. എസ്. ശബരീനാഥൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യുവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) കോട്ടയം ജില്ലയിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ; | (ബി) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ റവന്യു ഭരണം കൂടുതൽ പൗരോന്മുഖവും കാര്യക്ഷമവുമാക്കുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം. ഭൂരേഖകളുടെ ശരിയായ സംരക്ഷണവും നാളതീകരണവും പദ്ധതിയുടെ മറ്റൊരു പ്രധാന ഉദ്ദേശ്യമാണ്. |
| (സി) എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ഇതുവഴി ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലേക്കും ഓൺലൈൻ ടാക്സ് പെയ്മെന്റ് സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/ മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്ന് തന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക എങ്കിലും സമീപഭാവിയിൽത്തന്നെ വില്ലേജ് ഓഫീസിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട മറ്റു നികുതികളും അടയ്ക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ? | (ഡി) G.O. (Ms) No. 117/2016/RD തീയതി 16/02/2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പെയ്മെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

Sunitha

സെക്ഷൻ ഓഫീസർ

R.G.